LIBRARY ARCHIVES Kerala Legislative Assembly

## സർക്കാർ കേസുകൾ

**147 (154)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ വാദിയായിട്ടുള്ള എത്ര കേസുകൾ വിവിധ കോടതികളിൽ വിധിയായിട്ടുണ്ടെന്ന് വകുപ്പുകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഇവയിൽ എത്ര കേസുകളിൽ സർക്കാർ ഭാഗം വിജയിച്ചുവെന്നും എത്ര കേസുകളിൽ സർക്കാർ ഭാഗം പരാജയപ്പെട്ടുവെന്നും വിശദമാക്കുമോ ;

(സി) കോടതികളിൽ സർക്കാർ അഭിഭാഷകർ നിശ്ചിത സമയങ്ങളിൽ ഹാജരാകാതിരിക്കുകയും കേസുകൾ നടത്തിക്കുന്നതിൽ പ്രതിഭാഗത്തിനനുകൂലമായ വിധം നടപടികൾ സ്വീകരിക്കുന്നതിലൂടെയും സർക്കാർ ഭാഗം പരാജയപ്പെടുന്നതായ വ്യാപകമായ പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ സർക്കാർ അഭിഭാഷകരുടെ പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും കുറ്റമറ്റതാണെന്നുറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## അഡ്വക്കേറ്റ് ജനറൽ വിളിച്ചുചേർത്ത ലാ ആഫീസേഴ്സിന്റെ യോഗം

**148 (155)** ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതിയിൽ നിന്നുണ്ടായ വിമർശനത്തെ തുടർന്ന് കൊച്ചി ബോൾഗാട്ടി പാലസിൽ അഡ്വക്കേറ്റ് ജനറൽ വിളിച്ചുചേർത്ത ലോ ഓഫീസേഴ്സിന്റെ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത യോഗത്തിന്റെ അംഗീകരിച്ച മിനിട്ട്സിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത യോഗത്തിൽ പങ്കെടുത്ത് മുഖ്യമന്ത്രി നല്കിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു ;

(ഡി) എ.ജി.ഓഫീസിന്റെ കെട്ടുകാര്യസ്ഥതയെക്കുറിച്ച് അന്വേഷിച്ച് രണ്ടാഴ്ചക്കകം ചീഫ് സെക്രട്ടറി റിപ്പോർട്ട് നല്കണമെന്ന കോടതി നിർദ്ദേശം സംബന്ധിച്ച് പ്രസ്തുതയോഗം ചർച്ച ചെയ്യുകയുണ്ടായോ; ഇക്കാര്യത്തിൽ കൈക്കൊണ്ട തീരുമാനം എന്തായിരുന്നു ?

ഉത്തരം

(എ) ഹൈക്കോടതിയുടെ ഏതെങ്കിലും വിമർശനത്തെ തുടർന്നല്ല ഗവൺമെന്റ് ലാ ആഫീസർമാരുടെ യോഗം വിളിച്ചുചേർത്തത്. മറിച്ച് ഗവൺമെന്റ് ലാ ആഫീസർമാരുടെ പ്രവർത്തനം വിലയിരുത്തുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുംവേണ്ടി വിളിച്ചുചേർത്ത യോഗമായിരുന്നു അത്.

(ബി) മിനിട്ട്സ് ഉണ്ടായിരുന്നില്ല.

(സി) ഗവൺമെന്റ് ലാ ആഫീസർമാരുടെ പ്രവർത്തനങ്ങളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഭിനന്ദിക്കുകയും കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നോട്ട് പോകണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു.

(ഡി) അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ കെട്ടുകാര്യസ്ഥതയെക്കുറിച്ച് റിപ്പോർട്ട് നൽകാൻ കോടതി ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടില്ല. മറിച്ച് ഒരു കേസിൽ (Crl.MC 5111/2014 and connected cases) കോടതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ സർക്കാർ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് കാലതാമസം വന്നിട്ടുണ്ടെങ്കിൽ അത് അന്വേഷിച്ച് റിപ്പോർട്ട് നൽകാനാണ് ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടത്.

**ഭവനനിർമ്മാണ പദ്ധതിക്ക് ചെലവഴിച്ച തുക**

**149 (156)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെയുള്ള ഭവനരഹിതർ എത്രയാണെന്നത് സംബന്ധിച്ച സ്ഥിതി വിവരക്കണക്ക് ലഭ്യമാണോ ; എങ്കിൽ ഭവനരഹിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭവന നിർമ്മാണ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയിലും 2011-2012, 12-2013, 13-2014, 14-2015 വർഷങ്ങളിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly